# പതിനാലാം കേരള നിയമസഭ
# (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 95** **06.02.2020-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ<br>,, എസ്.ശർമ്മ<br>,, എം. മുകേഷ്<br>,, കെ.കുഞ്ഞിരാമൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിയ്ക്കായി ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി.<br>5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br>6. ഓഖി പുനരധിവാസ പദ്ധതികൾ.<br>7. മത്സ്യത്തൊഴിലാളി /അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി.<br>8. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.<br>9. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.<br>10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.<br>11. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ. |
| ബി) വേലിയേറ്റ പരിധിയിൽ നിന്ന് അമ്പത് മീറ്ററിനുള്ളിൽ വസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെ സുരക്ഷിത ദൂരത്തേക്ക് മാറ്റിപ്പാർപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതി പ്രാവർത്തികമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ 'പുനർഗേഹം' എന്ന ബൃഹദ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗ |

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സി) കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവരെ സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിന് നടപടിയെടുത്തിരുന്നോ; വിശദാംശം നൽകാമോ;

സി) നടപടി എടുത്തിരുന്നു. 2016 ജൂൺ-ജൂലൈയിൽ ഉണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ 248 പേർക്ക് സ്ഥലവും വീടും നഷ്ടപ്പെട്ടതായി കണക്കാക്കുകയും ആദ്യഘട്ടമെന്ന നിലയിൽ ഇവരെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പ്രകാരം ആകെ 129 പേർ സ്ഥലം വാങ്ങി ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1284 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മുട്ടത്തറയിൽ 192 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത് .

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ

തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 50 മീറ്ററിനുള്ളിൽ വസിക്കുന്ന 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധി വസിപ്പിക്കുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഡി) മാനദണ്ഡത്തിൽ യുക്തമായ ഇളവ് നൽകി അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ടോ, വിശദാംശം നൽകാമോ?

ഡി) അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനമില്ലാത്തവരുമായവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. ലൈഫ്മിഷൻ സർവ്വേ പ്രകാരം കണ്ടെത്തിയ 1220 മത്സ്യത്തൊഴിലാളികൾ ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭവന നിർമ്മാണം ആരംഭിച്ച 528 പേർക്ക് സംസ്ഥാന പദ്ധതി വിഹിതമായ 1 ലക്ഷം രൂപാ വീതം ഫിഷറീസ് വകുപ്പിൽ നിന്നും 5.28 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിലൂടെ ഭവനങ്ങൾ ലഭ്യമാക്കുന്നതിന് ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുകയും അതിനെ തുടർന്ന് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴി ലാളികളിൽ അവശേഷിക്കുന്ന 4883 പേരുടെ പട്ടികയും ഭൂരഹിത ഭവന രഹിതരായ 6287 മത്സ്യത്തൊഴിലാളികളുടെ പട്ടികയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി ലൈഫ് മിഷൻ ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും വേണ്ടി ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ താഴെ പറയുന്ന ഭേദഗതികളാണ് വരുത്തിയത്.

(1). പട്ടികജാതി/ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ

കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചു.

(2). ഈ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും അവർ വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരെയും വിവാഹം കഴിഞ്ഞു ഒരു വർഷത്തിലേറെയായിട്ട് സ്വന്തമായി വീടില്ലാത്തതു കൊണ്ട് മാത്രം മറ്റു വീടുകളിലോ തങ്ങളെ ആശ്രയിച്ചു കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്ന വരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**